# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 ഡിസംബർ 8

## വാർത്താക്കുറിപ്പ്

### പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ./ബി.കോം (2019 അഡ്മിഷൻ റഗുലർ-പ്രൈവറ്റ് രജിസ്ട്രേഷൻ) ബി.എ. സംസ്കൃതം പ്രോഗ്രാമിന്റെ കമ്മ്യൂണിക്കേഷൻ സ്കിൽസ് ഇൻ സാൻസ്ക്രിറ്റ് ലാംഗ്വേജ് എന്ന പേപ്പറിന്റെ പരീക്ഷ ഡിസംബർ 21ന് നടക്കും. ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെയാണ് പരീക്ഷ.

(പി.ആർ.ഒ/39/1289/2020)

### സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ എം.എസ് സി. എൻവയൺമെന്റൽ സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സിൽ പട്ടികവർഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ രേഖകളുമായി ഡിസംബർ 11നകം പഠനവകുപ്പിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 0481-2732120, 9447573027.

(പി.ആർ.ഒ/39/1290/2020)

### പരീക്ഷഫലം

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ് സി. ബയോസ്റ്റാറ്റിസ്റ്റിക്സ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 22 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1291/2020)

2019 സെപ്റ്റംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1292/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ